**വിവരാവകാശം / അപ്പീൽ മറുപടി**

നമ്പർ: E3-25539/17.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി :

സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ജയപ്രകാശ് രാജൻ
ശ്രീവത്സം,
കോട്ടുവർകോണം, പുതുക്കുളം
കൊല്ലം- 691302.

സർ,

വിഷയം: സാ.നീ. വകുപ്പ് - വിവരാവകാശത്തിന് അപ്പീൽ മറുപടി നൽകുന്നത് സംബന്ധിച്ച് -

സൂചന: 1) ഈ കാര്യാലയത്തിൽ നിന്നും നൽകിയിട്ടുള്ള 5.8.2017ലെ വിവരാവകാശം മറുപടി.
2) താങ്കളുടെ 19.8.2017ലെ വിവരാവകാശത്തിനുള്ള അപ്പീൽ.

സൂചന പ്രകാരം താങ്കൾ സമർപ്പിച്ചിട്ടുള്ള അപ്പീൽ മറുപടി ചുവടെ ചേർക്കുന്നു.

അപ്പീൽ മറുപടി-1 :- ഈ കാര്യാലയത്തിൽ രേഖകൾ പരിശോധിച്ചതിൽ താങ്കൾക്ക് മറുപടി നൽകിയിട്ടുള്ള പ്രാബല്യ തീയതിയായ 1.6.2017ൽ 34 പേർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരവെ റഗുലറൈസ് ചെയ്യപ്പെട്ടവരായി നിലവിലുണ്ട്. ആയതിനാൽ തന്നിട്ടുള്ള 5.8.2017ലെ മറുപടിയിൽ അപാകത ഉള്ളതായി കാണുന്നില്ല. എന്നാൽ പ്രസ്തുത മറുപടിയിൽ 9-ാം നമ്പർ ചോദ്യത്തിന് നൽകിയിട്ടുള്ള വിരമിച്ച 65 ജീവനക്കാരുടെ ലിസ്റ്റിൽ ക്രമ നം. 64, 65 എന്നിവയിൽ പറയുന്ന ശ്രീമതി. നിസ്സ ആർ.കെ, ശ്രീമതി. മോളി.റ്റി.ഡി എന്നിവർ കോൺട്രാക്ട് സേവനത്തിൽ നിന്നും റഗുലറൈസ് ചെയ്യപ്പെട്ടവരാണ്. ഇവരിൽ ക്രമ നം.64- ാമതായ ശ്രീമതി. നിസ്സ ആർ.കെ മാത്രമാണ് വിരമിച്ചിട്ടുള്ളത്. ശ്രീമതി.റ്റി.ഡി.മോളി സൂപ്പർവൈസർ തസ്തികയിൽ തന്നെ ഇപ്പോഴും സേവനമനുഷ്ഠിക്കുന്നുണ്ട്.

അപ്പീൽ മറുപടി-2:- താങ്കൾ സൂചിപ്പിക്കുന്നതുപോലെ ശ്രീമതി. ഗ്രേസി സൂപ്പർവൈസറായി സേവനമനുഷ്ഠിക്കവെ സി.ഡി.പി.ഒ തസ്തികയിൽ നിയമനം ലഭിച്ച സേവനമനുഷ്ഠിക്കുന്ന വ്യക്തി തന്നെയാണ്. സൂപ്പർവൈസർ തസ്തികയിലെ കേഡർ സ്ട്രെങ്ത് ടിയാളെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിക്കുന്നു.

*db@15*

ഈ കാര്യാലയത്തിലെ ഇ3-20998/17 തീയതി 19.7.17 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി.കുഞ്ഞന്നാമ്മ മാത്യുവിന്റെ രാജി അംഗീകരിച്ച് വിടുതൽ ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. താങ്കൾക്ക് നൽകിയിട്ടുള്ള മറുപടി 1.6.2017ലെ സൂപ്പർവൈസർ തസ്തികയുടെ സ്ഥിതിവിവര കണക്ക് അനുസരിച്ച് ആയതിനാലാണ് ഈ പേര് താങ്കൾക്ക് നൽകിയിട്ടുള്ള മറുപടിയിൽ ഉൾപ്പെടുത്താത്തത് എന്നറിയിക്കുന്നു.

അപ്പീൽ മറുപടി-3:- ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ള കണക്കുകൾ പ്രകാരം 14 സൂപ്പർവൈസർ തസ്തികയിൽപ്പെട്ട ജീവനക്കാരാണ് ശൂന്യവേതന അവധിയിൽ പ്രവേശിച്ചിട്ടുള്ളത്. എന്നാൽ താങ്കൾ പരാമർശിക്കുന്ന ശ്രീമതി. അനുപമ എ.ആർ-ന്റെ ദീർഘകാല അവധി അനുവദിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുള്ളതാണ്. ആയതിനാലാണ് താങ്കൾക്ക് നൽകിയ മറുപടിയിൽ ടിയാളെ ഉൾപ്പെടുത്താതിരുന്നത്.

ശ്രീമതി. ജിജി ജോർജ്ജിന് 10.5.2017ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഉത്തരവ് 13375/17 പ്രകാരം ദീർഘകാല അവധി അനുവദിച്ചിട്ടുണ്ട്. ടിയാളെ വിടുതൽ ചെയ്യപ്പെട്ടിട്ടുള്ളതായി 1.6.2017 തീയതി വരെ സി.ഡി.പി.ഒയിൽ നിന്ന് റിപ്പോർട്ട് ലഭ്യമല്ലാത്തതിനാലാണ് താങ്കൾക്ക് നൽകിയ മറുപടിയിൽ ഉൾപ്പെടുത്താതെ പോയത്.

അപ്പീൽ മറുപടി-4:- ശ്രീമതി. റെനി തോമസ്സ് ശൂന്യവേതന അവധിയിൽ നിന്നുമാണ് ജോലിയിൽ നിന്നും രാജിവെച്ചിട്ടുള്ളത്. രാജി 4.4.2017 തീയതി പ്രാബല്യത്തിൽ സ്വീകരിച്ചുകൊണ്ട് ഈ കാര്യാലയത്തിൽ നിന്ന് ഉത്തരവായിട്ടുള്ളതാണ്. ടിയാളെ സൂപ്പർവൈെർമാരുടെ കേഡർ സ്ട്രങ്ത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

അപ്പീൽ മറുപടി-5:- അപ്പീൽ പെറ്റീഷനിൽ താങ്കൾ പരാമർശിക്കുന്ന 1)ശ്രീമതി.ജി.ഒ.ശോഭന, 2)ശ്രീമതി. സി.എസ്.ഗീത, 3)ശ്രീമതി. പി.അനിത, 4)ശ്രീമതി. പി.ശശികല, 5)ശ്രീമതി. ആർ.സരസ്വതി, 6)ശ്രീമതി. റോസമ്മ തോമസ്സ്, 7) ശ്രീമതി. ശോഭനകുമാരി.L 8) ശ്രീമതി. പി.രഞ്ജിനി എന്നിവർ സൂപ്പർവൈസർ തസ്തികയിൽ നിന്നും സി.ഡി.പി.ഒ ആയി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളവരും റിട്ടയർ ചെയ്തിട്ടുള്ള ജീവനക്കാരുമാണ്. ഈ എട്ട് പേരെ സൂപ്പർവൈസർ തസ്തികയിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ ലിസ്റ്റിൽ (ചോദ്യം നം.9) ഉൾപ്പെടുത്തിയാണ് താങ്കൾക്ക് മറുപടി നൽകിയിട്ടുള്ളത്. അപ്പീൽ പെറ്റീഷനിൽ താങ്കൾ പരാമർശിക്കുന്ന ശ്രീമതി സാവിത്രിദേവി.കെ, ശ്രീമതി. എ.പി.സലീന ബീവി, ശ്രീമതി. രേണുക പാറയിൽ എന്നീ ജീവനക്കാർ ഇപ്പോഴും സി.ഡി.പി.ഒ തസ്തികയിൽ തന്നെയാണ് സേവനമനുഷ്ഠിക്കുന്നത്. ഇവരെ സൂപ്പർവൈസർ തസ്തികയുടെ കേഡർ സ്ട്രെങ്ത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിലും താങ്കൾക്കു നൽകിയ മറുപടിയിൽ ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ വിട്ടു പോയിട്ടുള്ളതാണെന്നറിയിക്കുന്നു. അതുപോലെ തന്നെ ചോദ്യം നം.5ന് നൽകിയ മറുപടിയിൽ (ഉദ്യോഗക്കയറ്റം) 25- ാം നമ്പർ പേരുകാരിയായ ശ്രീമതി. ഉഷാദേവി.എം.എം സൂപ്പർവൈസർ തസ്തികയിൽ നിന്നാണ് റിട്ടയർ ചെയ്തിട്ടുള്ളത്. ടിയാളെ 9- ാം നമ്പർ മറുപടിയിലാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്. ഇപ്രകാരം ചോദ്യം നം.5ന് നൽകിയിട്ടുള്ള മറുപടിയായ 32നോടൊപ്പം 8 പേരെ കൂട്ടിച്ചേർക്കുകയും ഒരാളെ കുറയ്ക്കുകയും ചെയ്ത ശേഷം സൂപ്പർവൈസർ തസ്തികയിൽ നിന്ന് സി.ഡി.പി.ഒ തസ്തികയിൽ ഇപ്പോഴും സേവനമനുഷ്ഠിക്കുന്ന 3 പേരെ കൂടി ചോദ്യം നം. 5നുള്ള മറുപടിയിൽ ഉൾപ്പെടുത്തുമ്പോൾ താങ്കൾ അപ്പീൽ പെറ്റിഷനിൽ പറയും പ്രകാരം സ്ഥാനക്കയറ്റം

57

ലഭിച്ച ജീവനക്കാരുടെ എണ്ണം 42 ആകുന്നതാണ്. 3 പേരെ സൂപ്പർവൈസർമാരുടെ കേഡർ സ്ട്രെങ്ങ്തിൽ നിന്ന് കുറവ് ചെയ്യുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. ജനന തീയതി അടിസ്ഥാനപ്പെടുത്തി കേഡർ സ്ട്രെങ്ങ്ത് ക്രമീകരിച്ചതിനാലാണ് മുകളിൽ പറഞ്ഞ അപാകത കടന്നുകൂടിയിട്ടുള്ളതെന്ന് അറിയിക്കുന്നു.

അപ്പീൽ മുറപടി-6:- താങ്കൾ സൂചിപ്പിക്കുന്ന എല്ലാവരും സൂപ്പർവൈസർ തസ്തികയിൽ വിവിധ കാര്യാലയത്തിൽ സേവനം അനുഷ്ടിക്കുന്നതിനാൽ ഇക്കാര്യം പ്രസക്തമല്ലായെന്നറിയിക്കുന്നു.

അപ്പീൽ മറുപടി-6(എ):- താങ്കളുടെ ആറാമത്തെ ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന 6 പേരും ജോലിയിൽ തുടരുന്നതിനാൽ ചോദ്യം ബാധകമല്ല.

അപ്പീൽ മറുപടി-7:- ചോദ്യം നം.9നുള്ള മറുപടി വിരമിച്ച ജനറൽ വിഭാഗം സൂപ്പർവൈസർമാരുടെ എണ്ണത്തെ കുറിച്ചുള്ളതായിരുന്നു. 65 എന്നാണ് മറുപടിയിൽ നൽകിയിരുന്നത്. താങ്കൾ വിരമിച്ചവരുടെ മൊത്തം എണ്ണം 62 എന്നാണെന്ന് അപ്പീലിൽ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യവും വിശദമായി പരിശോധിക്കുകയുണ്ടായി. മറുപടിയിൽ നൽകിയിട്ടുള്ള 65 പേരിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ അതിൽ നിന്ന് ഒഴിവാക്കേണ്ടതുമായ അപ്പീൽ മറുപടി 5 ൽ പരാമർശിച്ചിട്ടുള്ള 8 പേരെ ഒഴിവാക്കിയാൽ (താങ്കൾ ഒഴിവാക്കിയിട്ടുള്ളത് 6 പേരെ മാത്രമാണ്) എണ്ണം 57 ആകുന്നതാണ്. സൂപ്പർവൈസർ തസ്തികയിൽ നിന്ന് റിട്ടയർ ചെയ്തതും എന്നാൽ ചോദ്യം നം.5ൽ 25-ാമതുമായി ഉൾപ്പെട്ടിരുന്നതുമായ ശ്രീമതി. ഉഷാദേവിയെ സൂപ്പർവൈസർമാരുടെ വിരമിച്ച ലിസ്റ്റിൽ ഉൾപ്പെടുത്തുമ്പോൾ എണ്ണം 58 ആയി ഉയരുന്നതാണ്. അപ്പീൽ ചോദ്യത്തിൽ താങ്കൾ പരാമർശിക്കുന്ന ശ്രീമതി. സാധിക.കെ, ശ്രീമതി. സീത.റ്റി, എന്നിവർ ജനറൽ വിഭാഗം സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിക്കവേ വിരമിച്ചവരാണ്. ഇവരെ കേഡർ സ്ട്രെങ്ങ്തിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. ഈ രണ്ട് പേരെ കൂടി ചേർത്താൽ വിരമിച്ച സൂപ്പർവൈസർമാരുടെ എണ്ണം 60 ആയിരിക്കും എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

5/10

അപ്പീൽ അധികാരി /
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (i/c) &
ലോ ഓഫീസർ

26/9/17

26/9

db@15